# സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി ഏകദിന ശില്പശാല നടത്തി

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ 2017-18 പുതിയ അദ്ധ്യയന വർഷത്തെ പാഠ്യപദ്ധതിയെക്കുറിച്ചുള്ള **ശില്പശാല** ഇന്ന് (06.07.2017) രാവിലെ 10.00 മണിയ്ക്ക് ആലുവയിലുള്ള ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലെ കോൺഫ്രറൻസ് ഹാളിൽ വച്ച് നടത്തി.

ശില്പശാല ബഹു. കൊച്ചി റേഞ്ച് ഐ.ജി.പി ശ്രീ.പി.വിജയൻ ഐ.പി.എസ് ഉദ്ഘാടനം ചെയ്ത് പുതിയ പദ്ധതികൾ വിശദീകരിച്ചു. എറണാകുളംറൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് അദ്ധ്യക്ഷത വഹിച്ചു. ആലുവ ഡി.വൈ.എസ്.പി ശ്രീ.വി.കെ.സനിൽകുമാർ സ്വാഗതവും, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാ നോഡൽ ഓഫീസറും ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി യുമായ ശ്രീ.ഷീൻ തറയിൽ നന്ദിയും പറഞ്ഞു.

വിദ്യാഭ്യാസ വകുപ്പ് ഡി.ഇ.ഒ ശ്രീമതി. വൽസലകുമാരി, മൂവാറ്റുപുഴ ഡി.വൈ.എസ്.പി ശ്രീ.കെ.ബിജുമോൻ, പെരുമ്പാവൂർ ഡി.വൈ.എസ്.പി ശ്രീ.ജി.വേണു, ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ.ടി.ശ്യാംലാൽ, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാ അസ്സിസ്റ്റൻറ് നോഡൽ ഓഫീസർ ശ്രീ.എ.പി.ഷാജിമോൻ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

